**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **28-07-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വൻ കുറവ് സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; നികുതിയും ലൈസൻസ് ഫീസും അടയ്ക്കുന്നതിന് സമയപരിധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കോവിഡ് സാഹചര്യം കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 19.05.2021 ലെ സ.ഉ(സാധാ) നം.1013/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങളും വ്യാപാരികളും മറ്റ് സംരംഭകരും തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കുന്ന വസ്തു നികുതി പിഴ കൂടാതെ അടയ്ക്കുന്നതിനുള്ള സമയപരിധി 31.08.2021 വരെ നീട്ടി നൽകിയിട്ടുണ്ട്. 19.05.2021 ലെ സ.ഉ(സാധാ) നം. 1016/2021/തസ്വഭവ നമ്പർ ഉത്തരവ്, 3.07.2021 ലെ (സാധാ) നം. 1253/2021/ തസ്വഭവ നമ്പർ ഉത്തരവ് എന്നിവ പ്രകാരം 2021-22 വർഷത്തെ വ്യാപാര ലൈസൻസുകൾ പുതുക്കുന്നതിനുള്ള സമയപരിധി 31.08.2021 വരെ നീട്ടി നൽകിയിട്ടുണ്ട്. |
| (ബി) | ദൈനംദിന പ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. തനത് ഫണ്ട് കുറവായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് വിടവ് നികത്തൽ ഫണ്ട് അനുവദിക്കുന്നുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ജില്ലാ തലത്തിൽ പ്രത്യേക സ്ക്വാഡിനെ നിയമിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ലൈസൻസില്ലാതെ ചില വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായി പരാതികൾ ലഭ്യമായിട്ടുള്ളതും, ടി സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ജില്ലാതലത്തിൽ ഇതിനായി പ്രത്യേക സ്ക്വാഡിനെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ